**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2032** **03-03-2025 - ൽ മറുപടിയ്ക്ക്**

**ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന പോലീസിലെ ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന് സർക്കാർ വിലയിരുത്തുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ തിരുത്തൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | ഇല്ല. കുറ്റാന്വേഷണ മികവിലും കുറ്റമറ്റ ക്രമസമാധാനപാലനത്തിലും മറ്റു സംസ്ഥാനങ്ങൾക്ക് ഉദാത്ത മാതൃകയാണ് കേരളം. സംസ്ഥാനത്തിന്റെ മുക്കിലും മൂലയിലുമുള്ള ചെറിയ അനക്കങ്ങൾ പോലും അറിയാൻ കഴിയുന്ന വിധം സുസജ്ജമായ രഹസ്യവിവര സങ്കേതങ്ങളടങ്ങുന്ന സംവിധാനമാണ് ഇന്ന് ഇന്റലിജൻസിനുള്ളത്. രഹസ്യവിവരങ്ങൾ വിശകലനം ചെയ്യുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ നടപടി കൈക്കൊണ്ടുമാണ് ഈ അതുല്യമായ നേട്ടം പോലീസിന് കൈവരിക്കാനായത്.<br><br>സാമുദായികസ്പർദ്ധയും വർഗ്ഗീയലഹളയും സൃഷ്ടിക്കുന്നതിനുള്ള ബോധപൂർവ്വമായ ശ്രമങ്ങളെ മുൻകൂട്ടി മനസ്സിലാക്കുന്നതുവഴി അത്തരം സാഹചര്യങ്ങളെ തടയുന്നതിന് ജനങ്ങൾക്കൊപ്പം നിന്ന് പ്രവർത്തിക്കുവാൻ പോലീസിന് സാധിക്കുന്നു.<br><br>എല്ലാത്തരം അതിക്രമങ്ങളും തടയാനും ആവശ്യമായ തലങ്ങളിൽ പ്രതിരോധമൊരുക്കുന്നതിനും പോലീസിന് കഴിയുന്നത് ഈ സംവിധാനത്തിന്റെ മികവിന്റെ ഉദാഹരണമാണ്. |
| (ബി) | പോലീസ് ഉദ്യോഗസ്ഥരെ ഇന്റലിജൻസ് വിഭാഗത്തിലേക്ക് നിയമിക്കുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്; പോലീസ് സംഘടനയുടെ ഭാരവാഹികൾ ആയിരുന്നവരോ നിലവിൽ ഭാരവാഹികൾ ആയിട്ടുള്ളവരോ ആയ എത്രപേർ നിലവിൽ ഇന്റലിജൻസ് വിഭാഗത്തിൽ ജോലി ചെയ്യുന്നുണ്ട്; ജില്ല തിരിച്ച് വിശദമാക്കാമോ? | (ബി) | ക്രമസമാധാന മേഖലയിലെ പ്രശ്നങ്ങളോടൊപ്പം ഭരണരംഗത്തും സമൂഹത്തിന്റെ വിവിധ മേഖലയിലും ഉയർന്നുവരുന്ന വിഷയങ്ങളെ പഠിക്കുന്നതിനും അർപ്പണബോധത്തോടെയും കാര്യക്ഷമമായും ഈ സംവിധാനത്തെ ചലിപ്പിക്കുക എന്നതും പ്രധാനമാണ്. വിവരശേഖരണത്തിലും, അവയുടെ വിശകലനത്തിലുമുള്ള പ്രാപ്തിയും കഴിവും വിലയിരുത്തിയാണ് പോലീസ് ഉദ്യോഗസ്ഥരെ ഇന്റലിജൻസ് വിഭാഗത്തിലേക്ക് തെരഞ്ഞെടുത്ത് നിയമിക്കുന്നത്. അതല്ലാതെ മറ്റൊരു മാനദണ്ഡവും സ്വീകരിക്കുന്നില്ല. സർക്കാർ അംഗീകാരത്തോടെ |

| | | | |
|---|---|---|---|
| | | | പ്രവർത്തിക്കുന്ന പോലീസ് സംഘടനകളുടെ ഭാരവാഹിയായിരുന്നത് ഇത്തരം നിയമനത്തിന് തടസവുമല്ല. ഭാരവാഹികളായിരുന്നവരുടെ ക്രോഡീകരിച്ച വിവരങ്ങൾ സൂക്ഷിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ